പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 719 28.2.2018-ൽ മറുപടിയ്ക്ക്

## കേരളാ ഫീഡ്സ് കരുനാഗപ്പള്ളി യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി ഭൂമി നൽകിയവർക്ക് തൊഴിൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ആർ.രാമചന്ദ്രൻ | | അഡ്വ.കെ.രാജു (വനം,മൃഗസംരക്ഷണം ക്ഷീരവികസനം,മൃഗശാല വകുപ്പ മന്ത്രി) |
| എ) | കേരളാ ഫീഡ്സ് കരുനാഗപ്പള്ളി യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി ഭൂമി നൽകിയവർക്ക് തൊഴിൽ നൽകുന്നതുമായി ബന്ധപ്പെട്ട എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത് എന്ന് വിശദീകരിക്കുമോ; | എ) | 24.11.2017 തീയതിയിൽ കമ്പനി മാനേജ്മെന്റും പ്രസ്തുത തൊഴിലാളി യൂണിയൻ പ്രതിനിധികളും ബഹു. സ്ഥലം എം.എൽ.എ യുടെ സാന്നിധ്യത്തിൽ മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ യോഗം കൂടുകയും ഈ യോഗത്തിൽ പ്രസ്തുത വിഷയത്തെക്കുറിച്ച് പഠിച്ച് പ്രായോഗികതയും വിവിധ നിയമവശങ്ങളും കണക്കിലെടുത്ത് ഒരു റിപ്പോർട്ട് സമർപ്പിക്കുവാനായി കമ്പനി മാനേജിംഗ് ഡയറക്ടർ കൺവീനറായും, ഫിനാൻസ്, പ്ലാനിംഗ് (ബി പി ഇ) വകുപ്പുകളുടെ പ്രതിനിധികൾ മെമ്പർമാരായും ഒരു കമ്മിറ്റി രൂപീകരിക്കുവാനും പ്രസ്തുത റിപ്പോർട്ട് തീരുമാനത്തിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും തീരുമാനിച്ചു. |
| ബി) | ഈ പദ്ധതി പ്രകാരം എത്രപേർ ഫാക്ടറിയിൽ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ; | ബി) | കേരള ഫീഡ്സ് ലിമിറ്റഡിന്റെ കരുനാഗപ്പള്ളിയിലുള്ള ഫാക്ടറിക്ക് വേണ്ടി സ്ഥലം ഏറ്റെടുത്ത ഭൂവുടമകൾ അഥവാ അവരുടെ നോമിനികളായ 30 പേരെ താല്ക്കാലിക ദിവസവേതനാടിസ്ഥാനത്തിൽ കമ്പനിയിൽ ജോലി നൽകിയിട്ടുണ്ട്. തുടർന്ന് ഇവരിൽ ഒരാൾ അസുഖം മൂലം താല്ക്കാലികമായി ജോലിക്ക് |

| | | | |
|---|---|---|---|
| | | | ഹാജരാകുന്നില്ല. നിലവിൽ ഇപ്രകാരം ഭൂവുടമകളിൽ അഥവാ അവരുടെ നോമിനികളിൽ താല്ക്കാലിക ദിവസവേതനാടിസ്ഥാനത്തിൽ 29 പേർ ജോലി ചെയ്യുന്നുണ്ട്. |
| സി) | ഇവരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ? | സി) | 24.11.2017 തീയതിയിൽ കമ്പനി മാനേജ്മെന്റും പ്രസ്തുത തൊഴിലാളി യൂണിയൻ പ്രതിനിധികളും ബഹു. സ്ഥലം എം.എൽ.എ യുടെ സാന്നിധ്യത്തിൽ മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ യോഗം കൂടുകയും ഈ യോഗത്തിൽ പ്രസ്തുത വിഷയത്തെക്കുറിച്ച് പഠിച്ച് പ്രായോഗികതയും വിവിധ നിയമവശങ്ങളും കണക്കിലെടുത്ത് ഒരു റിപ്പോർട്ട് സമർപ്പിക്കുവാനായി കമ്പനി മാനേജിംഗ് ഡയറക്ടർ കൺവീനറായും, ഫിനാൻസ്, പ്ലാനിംഗ് (ബി പി ഇ) വകുപ്പുകളുടെ പ്രതിനിധികൾ മെമ്പർമാരായും ഒരു കമ്മിറ്റി രൂപീകരിക്കുവാനും പ്രസ്തുത റിപ്പോർട്ട് തീരുമാനത്തിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ